ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിദേശ രാജ്യങ്ങളിൽ അവിദഗ്ധ തൊഴിലാളികളുടെ ആവശ്യകത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വിദേശത്ത് തൊഴിൽ തേടുന്നവർക്കായി പ്രവാസികാര്യ വകുപ്പ് സ്കിൽ അപ്ഗ്രഡേഷൻ & ട്രെയിനിംഗ് പ്രോഗ്രാം എന്ന പേരിൽ ഒരു തുടർ പരിശീലന പദ്ധതി നടത്തിവരുന്നു. കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, വിദേശതൊഴിൽ വിപണിയിലെ ആവശ്യകതയ്ക്കൊത്ത് മെച്ചപ്പെടുത്തുകയെന്നതാണ് ഈ പരിശീലന പരിപാടിയുടെ ഉദ്ദേശ്യം. പദ്ധതിയുടെ ഭാഗമായി പരിശീലനാർത്ഥികൾക്ക് സാങ്കേതിക വൈദഗ്ധ്യം, ആശയവിനിമയ വൈദഗ്ധ്യം എന്നിവ ലഭ്യമാക്കുന്നു. കൂടാതെ വിദേശ രാജ്യങ്ങളിലെ നിയമ നടപടികൾ, വിസ, തൊഴിൽ കരാർ, കുടിയേറ്റം എന്നിവ സംബന്ധിച്ച ബോധവത്കരണവും പരിശീലനാർത്ഥികൾക്ക് നൽകുന്നു. വിദേശ വിപണിയിൽ കൂടുതൽ ആവശ്യമുള്ള തൊഴിലുകളുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത ഉയർന്ന നിലവാരത്തിലുള്ള കോഴ്സുകൾ ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നു. കേരള സർക്കാരിന്റെ വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ, മികച്ച നിലവാരം പുലർത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചാണ് പരിശീലനാർത്ഥികൾക്ക് തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിശിലനം ലഭ്യമാക്കിയിട്ടുള്ളത്. ഈ പരിശീലനാർത്ഥി കൾക്ക് സോഫ്റ്റ് സ്കിൽ ട്രെയിനിംഗും നൽകുന്നുണ്ട്. സർക്കാർ തലത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള രണ്ട് കോടി ഇരുപത് ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പ്രവാസികൾക്കായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ

57 (5404) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രവാസികൾക്കായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ നടപ്പാക്കാനായി നീക്കിവച്ചിരുന്ന തുകയെത്രയെന്നും വിനിയോഗിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly